# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1945 08-03-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.എൻ.എ.ഖാദർ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിമാനയാത്രാ മാനദണ്ഡങ്ങൾ</u>**

| | | |
|---|---|---|
| (എ) | സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിമാനയാത്രയ്ക്കുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; ഇപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങളും അനുവദനീയമായ സൗകര്യങ്ങളും വ്യക്തമാക്കാമോ ; | ഇല്ല. 20-01-2016-ലെ സ.ഉ.(പി)നം.7/2016/ധന ഉത്തരവ് പ്രകാരം 55350-101400 എന്ന ശമ്പള സ്കെയിലിലും അതിനുമുകളിലുമുള്ള എല്ലാ ഉദ്യോഗസ്ഥരും വിമാന യാത്രയ്ക്ക് അർഹരാണ്. വിമാനയാത്രയ്ക്ക് അർഹതയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും നിലവിൽ എക്കോണമി ക്ലാസ്സിൽ മാത്രമേ യാത്ര ചെയ്യാൻ അനുമതിയുള്ളൂ. എല്ലാ ഔദ്യോഗിക വിമാനയാത്രകൾക്കും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. |
| (ബി) | വിമാനയാത്രയ്ക്ക് ടിക്കറ്റ് ചാർജ്ജുകൾ കൂടാതെ മറ്റെന്തെങ്കിലും ചാർജുകൾ കൂടി യാത്രാ ചെലവിനത്തിൽ മടക്കി നൽകാൻ ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ ; | യാത്ര ചെലവുകൂടാതെ ട്രാവൽ ഏജന്റുമാർ വഴി ബുക്ക് ചെയ്യുമ്പോഴുള്ള സർവ്വീസ് ടാക്സും എഡ്യൂക്കേഷൻ സെസ്സും, വിമാനത്താവളാധികൃതർ ഈടാക്കുന്ന യൂസർ ഡെവലപ്മെന്റ് ഫീയും മടക്കി നൽകുന്നതാണ്. എന്നാൽ ട്രാവൽ ഏജൻസികൾ ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് മടക്കിനൽകുന്നതല്ല. സ്വകാര്യ വിമാനക്കമ്പനികൾ ഉൾപ്പെടെയുള്ളവയുടെ വിമാനത്തിൽ യാത്ര ചെയ്യുന്ന മുതിർന്ന ഉദ്യോഗസ്ഥർക്ക് ടിക്കറ്റ് നിരക്ക് കൂടാതെ ഭക്ഷണ പാനീയങ്ങൾ, സീറ്റ് മുൻഗണന, അധിക ലഗ്ഗേജ് ചാർജ്ജ് എന്നിവക്കായി ചെലവഴിക്കുന്ന അധിക തുക കൂടി യാത്രാചെലവിൽ ഉൾപ്പെടുത്തി അനുവദിച്ചുനൽകുന്നുണ്ട്. |
| (സി) | മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ആനുകൂല്യം എൽ.ടി.സി. എടുക്കുന്ന ജീവനക്കാർക്കും ബാധകമാണോ എന്ന് അറിയിക്കാമോ ? | സർക്കാർ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന ജീവനക്കാരുടെ ഔദ്യോഗിക വിമാനയാത്രാമാനദണ്ഡങ്ങൾ എൽ.ടി.സി. എടുക്കുന്ന ജീവനക്കാർക്കും ബാധകമാണ്. |

അക്കൗണ്ട്സ് ഓഫീസർ